# കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി

### വാർഷിക പദ്ധതി 2026 – 27

# അന്തിമ പദ്ധതി രേഖ

# ആമുഖം

1994 ലെ പഞ്ചായത്ത് രാജ് നിയമ പ്രകാരമാണ് കേന്ദ്ര സംസ്ഥാന ഭരണ കേന്ദ്രങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്ന അധികാരങ്ങളും ഫണ്ടും ഭരണ നിർവ്വഹണ സംവിധാങ്ങളും ത്രിതല പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയത്.

പഞ്ചവത്സര പദ്ധതികൾ ജനകീയ പദ്ധതികളായി നടപ്പിലാക്കിയതിലൂടെ താഴെ തട്ടിലുള്ള സാധാരണക്കാർക്കും പദ്ധതി നിർമ്മാണത്തിലും ആസൂത്രണത്തിലും നിർവ്വഹണത്തിലും പങ്കാളികളാകാൻ അവസരമൊരുങ്ങി. കുടുംബശ്രീയിലൂടെ വനിതാ ശാക്തീകരണവും, ആശാ പ്രവർത്തകരിലൂടെ ആരോഗ്യ പ്രവർത്തനങ്ങളുടെ വിപുലീകരണവും, സ്കൂൾ പി.ടി.എ., എസ്. എം. സി എന്നിവ വഴി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും, ദുർബലരായ വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, ദീർഘകാല രോഗികൾ, ഭിന്ന ശേഷിക്കാർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ ചർച്ചകൾക്ക് വിധേയമാക്കി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

അടിസ്ഥാന വികസന മേഖലകളായ കൃഷി, മൃഗ പരിപാലനം, ചെറുകിട സംരംഭങ്ങളിലൂടെ തൊഴിൽ വികസനം, അന്താരാഷ്ട്ര തലത്തിലെ കടുത്ത മത്സരങ്ങൾ അതിജീവിക്കാൻ പറ്റിയ തരത്തിൽ വിദ്യാഭ്യാസ രീതികളുടെ പരിഷ്കരണം, തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ, എല്ലാവർക്കും ശുദ്ധ വായുവും ജലവും ഉറപ്പു വരുത്തൽ, സമ്പൂർണ്ണ പാർപ്പിടം, സുന്ദര ശുചിത്വ ഗ്രാമം, എല്ലാ വിഭാഗങ്ങളുടെയും ക്ഷേമം, എന്നിവ മുൻഗണനാ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കാലത്ത് മുഖ്യ പദ്ധതികളായി മാറുന്നതാണ്. നാടിന്റെ വികസനത്തിന് വേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കുന്നതിന് സഹകരണം പ്രതീക്ഷിച്ചുകൊണ്ട് പതിനാലാം പഞ്ചവത്സര കാലയളവിലെ 2026-27 സാമ്പത്തിക വർഷത്തെ അന്തിമ പദ്ധതി രേഖ ജന സമക്ഷം സമർപ്പിക്കുന്നു.

**പ്രസിഡന്റ്,**
**കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്**

കുനിയിൽ
18-02-2026

## കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

# ഭരണസമിതി അംഗങ്ങൾ



കാരങ്ങാടൻ അബൂബക്കർ മാസ്റ്റർ
(പ്രസിഡന്റ്)



പി.പി റംല ബീഗം
(വൈസ് പ്രസിഡന്റ്)



കെ ജെ മുഹമ്മദ് ഹാഷിം.
(സെക്രട്ടറി)



അബ്ദുള്ള മാട്ടത്തൊടി
(ചെയർപേഴ്സൺ: വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)



കെ.വി സലീന ഹസൻ
(ചെയർപേഴ്സൺ: ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)



നജീബ് കാരങ്ങാടൻ
(ചെയർപേഴ്സൺ: ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)

## അംഗങ്ങൾ



സി.പി ബഹ്ജ



ശബ്ന സുലൈമാൻ



സഫ്ന കൊമ്പൻ



ജോജൻ



ഷൈജു എം.



ഫബ്ന ജാഫർ




അബ്ദുൽ റഫീഖ്



വിജയ ലക്ഷമി



പ്രിൻസ്



ഫർസാന കരുവാടൻ




ബീരാൻകുട്ടി
മണ്ണിൽ തൊടി


# ജനപ്രതിനിധികൾ



**പ്രിയങ്ക ഗാന്ധി വാദ്ര**
എം.പി. – വയനാട് മണ്ഡലം



**പി.കെ. ബഷീർ**
എം.എൽ.എ – ഏറനാട് മണ്ഡലം



കെ ടി അഷ്റഫ്
ജില്ലാ ഡിവിഷൻ മെമ്പർ



കെ ടി ആയിഷ
ബ്ലോക്ക് ഡിവിഷൻ പ്രസിഡന്റ്



എം കെ കുഞ്ഞുമുഹമ്മദ്
ബ്ലോക്ക് ഡിവിഷൻ മെമ്പർ

## **കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്**

*പൊതു വിവരണം*

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | കീഴുപറമ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | : | അരീക്കോട് |
| താലൂക്ക് | : | ഏറനാട് |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| അസംബ്ലി മണ്ഡലം | : | ഏറനാട് |
| പാർലമെന്റ് | : | വയനാട് |
| വിസ്തീർണ്ണം | : | 14.99 ചതുരശ്ര കിലോമീറ്റർ |
| കിഴക്ക് | : | ചെറുപുഴ ചാലിയാർ |
| തെക്ക് | : | ചാലിയാർ പുഴ |
| പടിഞ്ഞാറ് | : | ചാലിയാർ പുഴ |
| വടക്ക് | : | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 16 |
| ജനസാന്ദ്രത | : | 1227 |
| അക്ഷരാഭ്യാസമുള്ളവർ | : | 95.15% |
| ജനസംഖ്യ | : | 22062 (2011 കാനേഷുമാരി) |
| പുരുഷന്മാർ | : | 10810 |
| സ്ത്രീകൾ | : | 11252 |
| പട്ടികജാതി പുരുഷന്മാർ | : | 875 |
| പട്ടികജാതി സ്ത്രീകൾ | : | 934 |
| ആകെ | : | 1809 |
| പട്ടികവർഗ്ഗം | : | 2 |
| പ്രസിഡന്റ് | : | കാരങ്ങാടൻ അബൂബക്കർ മാസ്റ്റർ |
| വൈസ് പ്രസിഡന്റ് | : | പി.പി റംലാ ബീഗം |
| ചെയർപേഴ്സൺ - വികസന കാര്യ സ്ഥിരം സമിതി | : | അബ്ദുള്ള മാട്ടത്തൊടി |
| ചെയർമാൻ - ക്ഷേമ കാര്യ സ്ഥിരം സമിതി | : | കെ.വി സലീന ഹസൻ |
| ചെയർപേഴ്സൺ - ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി | : | നജീബ് കാരങ്ങാടൻ. |
| മെമ്പർ - വാർഡ് 02 | : | സി.പി ബഹ്ജ റഫീഖ് |
| മെമ്പർ - വാർഡ് 03 | : | ശബ്ന സുലൈമാൻ |
| മെമ്പർ - വാർഡ് 05 | : | സഫ്ന കൊമ്പൻ കാരങ്ങാടൻ |
| മെമ്പർ - വാർഡ് 06 | : | ജോജൻ |
| മെമ്പർ - വാർഡ് 07 | : | എം.ഷൈജു |
| മെമ്പർ - വാർഡ് 08 | : | ഫബ്ന ജാഫർ |
| മെമ്പർ - വാർഡ് 09 | : | അബ്ദുൽ റഫീഖ് |
| മെമ്പർ - വാർഡ് 10 | : | വിജയ ലക്ഷ്മി |
| മെമ്പർ - വാർഡ് 11 | : | പ്രിൻസ് |
| മെമ്പർ - വാർഡ് 13 | : | ഫർസാന കരുവാടൻ |
| മെമ്പർ - വാർഡ് 16 | : | ബീരാൻകുട്ടി മണ്ണിൽ തൊടി |
| ലോകസഭാ മണ്ഡലം എം.പി. | : | ശ്രീമതി പ്രിയങ്ക ഗാന്ധി |
| നിയോജക മണ്ഡലം എം.എൽ.എ | : | പി. കെ. ബഷീർ |
| ജില്ലാ ഡിവിഷൻ മെമ്പർ | : | കെ ടി അഷ്റഫ് |
| ബ്ലോക്ക് ഡിവിഷൻ മെമ്പർ | : | കെ ടി ആയിഷ |
| ബ്ലോക്ക് ഡിവിഷൻ മെമ്പർ | : | എം കെ കുഞ്ഞു മുഹമ്മദ് |
| സെക്രട്ടറി കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് | : | കെ ജെ മുഹമ്മദ് ഹാഷിം |

അദ്ധ്യായം 1

# വികസന സ്ഥിതി അവസ്ഥ

**പൊതു സ്ഥിതി:-**

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പകുതിയലധികം കൃഷി അനുബന്ധ മേഖലകളെ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരാണ്. 10% പേർ ഗൾഫ് മേഖലകളിലും 10% പേർ നിർമ്മാണ മേഖലകളിലും ജോലി ചെയ്യുന്നു. സർക്കാർ, സ്വാകര്യ മേഖലകളിലും മറ്റ് ഇതര സർവ്വീസ്, ബിസിനസ്സ്, തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്നവർ വളരെ ചെറിയ ശതമാനമാണ്.

പഞ്ചായത്തിലെ മുഖ്യ സാമ്പത്തിക സ്രോതസ്സ് കൃഷി അനുബന്ധ മേഖല തന്നെയാണ്. ഗൾഫ് വരുമാനം പ്രദേശത്തിന്റെ സാമ്പത്തിക ഘടനയിൽ വലിയ അളവിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും കാർഷിക രംഗത്തെ പ്രതിസന്ധി മൂലം ഉണ്ടായ പ്രത്യാഘാതങ്ങളെ ലഘൂകരിക്കുവാനും നിർമ്മാണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കാരണമായി. മടങ്ങിയെത്തുന്ന പ്രവാസികളുടെ ഗൾഫ് സമ്പാദ്യം കൂടുതൽ ഉത്പാദന ക്ഷമമായ നിക്ഷേപമാക്കി മാറ്റുവാനും അതുമൂലം ഉത്പാദന വർദ്ധനവിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും സാധ്യമാവേണ്ടത് അനിവാര്യമാണ്. വിവിധ യോഗ്യതകൾ കരസ്ഥമാക്കിയ യുവതീ യുവാക്കൾക്ക് മികച്ച പരിശീലനം നൽകി പുതു തലമുറയെ തൊഴിലുകൾക്ക് സജ്ജമാക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് സർക്കാർ നൽകുന്ന ഊന്നലുകൾക്ക് പഞ്ചായത്തിന്റെ പദ്ധതിയും അനുപൂരകമായിരുന്നാലേ പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യം മനസ്സിലാക്കി വേണം പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകാൻ.

**ഉത്പാദന മേഖല:-**

പഞ്ചായത്തിൽ 20 ഹെക്ടർ ആണ് ഇപ്പോൾ നെൽകൃഷി വിസ്തീർണ്ണം. വയലുകൾ മറ്റു കൃഷികൾക്കു വേണ്ടി തരം മാറ്റപ്പെടുന്നു. തത്ഫലമായി നെൽകൃഷിയുടെ വിസ്തൃതി വർഷം തോറും കുറഞ്ഞുവരുന്നു. വെള്ളപ്പൊക്കവും ജല സേചന സൗകര്യത്തിന്റെ അപര്യാപ്തതയും ഉത്പാദനത്തെ ബാധിക്കുന്നു. കരഭൂമിയിൽ തെങ്ങ്, കശുമാവ്, കമുക് എന്നിവയാണ് വിളകൾ. 10% ഭൂമി മാത്രമേ ഇടവിള കൃഷിക്കായി ഉപയോഗിക്കുന്നുള്ളൂ. കാർഷിക മേഖലയിൽ പുതിയൊരു ഉത്സാഹം കാണുന്നുണ്ട്. വാഴ, പച്ചക്കറി കൃഷി മേഖലകളിലാണ് ഈ ഉണർവ്വ്. മണ്ണ് ജല ജൈവ ഘടകങ്ങളെ ഒന്നായി കണ്ടുകൊണ്ടുള്ള നീർത്തട അടിസ്ഥാനത്തിലുള്ള വികസന സമീപനമാണ് ഈ മേഖലയിൽ പ്രായോഗികമാക്കേണ്ടത്.

കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് വളരെ പ്രതീക്ഷയോടെയാണ് ദേശീയ തൊഴിലുറപ്പ് പദ്ധതിയെ കാണുന്നത്. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവവും പരിസ്ഥിതി നാശവും ഉത്പാദന മേഖലയിൽ വലിയ പ്രത്യാഘാതങ്ങളാണ്

ഉണ്ടാക്കിയിട്ടുള്ളത്. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനങ്ങളും കാരണം കാർഷിക മേഖലയുടെ നട്ടെല്ലൊടിയുന്ന സ്ഥിതി വിശേഷമാണുള്ളത്. പരിസ്ഥിതിയുടെ പുനരുജ്ജീവനം അടിയന്തിര പ്രാധാന്യമുള്ള വിഷയമാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ നേരാംവണ്ണം ഉപയോഗപ്പെടുത്തി നാടിന്റെ മുഖച്ഛായ തന്നെ മാറ്റുവാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്. ക്ഷീര കർഷകർക്ക് തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയും അംഗൻവാടി കെട്ടിടം, കർഷകർക്ക് വെള്ളം ലഭിക്കുന്നതിന് കുളം, കുടിവെള്ളത്തിനായി കിണർ എന്നിവയും പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇതിനകം 2867 കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇതിനകം പ്രവൃത്തികൾ നടന്നു കഴിഞ്ഞിട്ടുണ്ട്. ഈ വർഷം ചെറു നീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളാണാവശ്യം. പഞ്ചായത്ത് തയ്യാറാക്കിയ ബൃഹത്തായ നീർത്തട മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ചെറു കുന്നുകളും ചരിവുകളും സമതലങ്ങളും ഉൾകൊള്ളുന്ന വലിയ മൂന്നു നീർത്തടങ്ങളിൽ പരന്നു കിടക്കുന്ന 1400 ഹെക്ടർ ഭൂപ്രദേശമാണ് പഞ്ചായത്തിലുള്ളത്. ഈ പ്രദേശത്തെ നീർത്തട യൂണിറ്റുകളായി തിരിച്ച് ചെറുകിട നാമമാത്ര കൃഷിക്കാരുടെ ഭൂവിക.സന പരിപാടികളും സമഗ്ര സ്വഭാവത്തോടെയുള്ള പദ്ധതികളാണ് നടന്നു വരുന്നത്.

മൃഗപരിപാലനം പരമ്പരാഗതമായ തൊഴിലായി സ്വീകരിച്ച ഒട്ടേറെ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പാൽ വിപണനത്തിലുള്ള സംവിധാനങ്ങൾ ഇല്ലാത്തതും തീറ്റയുടെ ലഭ്യതക്കുറവും ഈ രംഗത്തെ പ്രശ്നങ്ങളാണ്. മൃഗപരിപാലന, മത്സ്യകൃഷി രംഗത്ത് നിലനിൽക്കുന്ന സാധ്യതകൾ പരമാവധി ചൂഷണം ചെയ്ത് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പ്രദേശിക സാമ്പത്തിക വികസനത്തിന് അനുഗുണമായ തരത്തിൽ വൻ നിക്ഷേപങ്ങളൊന്നും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടില്ല. തൊഴിലില്ലാത്ത ഒട്ടേറെ യുവതീയുവാക്കളും ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകളിൽ നല്ലൊരു പങ്കും തൊഴിലില്ലാത്തവരാണെന്നത് ഈ മേഖലയിൽ പ്രശ്നമായി നിലനിൽക്കുന്നു. മെച്ചപ്പെട്ട പരിശീലനങ്ങളും പൊതുസേവന സംവിധാനങ്ങളും വിപണന കേന്ദ്രവും സജ്ജമാക്കി ഈ മേഖലയിൽ മുന്നേറാൻ സാധിക്കും. പുതിയ ലഘു, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കൂട്ടായ ശ്രമങ്ങളും ആവശ്യമാണ്. പഞ്ചായത്ത് സ്ഥാപിച്ച തൊഴിൽ വികസന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പുരോഗതിയുടെ പാതയിലാണ്.

**സേവന മേഖല :-**

പഞ്ചായത്തിലെ 2009ലെ കണക്കനുസരിച്ച് നിലവിൽ 1683 ദരിദ്ര കുടുംബങ്ങളാണുള്ളത്. മൊത്തം ജനസംഖ്യയിൽ 10% മെങ്കിലും ദാരിദ്ര്യത്തിന്റെ ക്ലേശങ്ങൾ ഏറെ അനുഭവിക്കുന്നവരാണ്. അതിൽ തീരെ അഗതികളായ കുടുംബങ്ങളുമുണ്ട്. ദരിദ്ര ജനവിഭാഗങ്ങളുടെ വീട്, വീട് റിപ്പയർ, കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാനാവശ്യങ്ങൾ ഇനിയും പരിഹരിക്കേണ്ടതിന് അടിയന്തിര പ്രാധാന്യം നൽകിയാണ് പദ്ധതി രൂപീകരണം.

കുടുംബശ്രീ അയൽകൂട്ടങ്ങളിൽ 4360 ഓളം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തി പ്രാദേശിക സാധ്യതകൾ കണക്കിലെടുത്ത് ലഘു സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുന്ന തരത്തിലുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ അംഗൻവാടികൾ വളരെയേറെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. സംസ്ഥാന തലത്തിൽ തന്നെ മികച്ച അങ്കണവാടിക്കുള്ള പുരസ്കാരം അഞ്ചാം വാർഡിലെ 48-ാംനമ്പർ അങ്കണവാടി നേടിയെടുത്തത് വളരെ അഭിമാനകരമായ നേട്ടമാണ്. കുട്ടികളുടെ കഴിവുകൾ പരമാവധി വികസിപ്പിക്കുന്ന തരത്തിൽ മികവുറ്റ പഠന രീതികളും സാഹചര്യവും ഒരുക്കേണ്ടതുണ്ട്. സമൂഹത്തിൽ ബലഹീനരായ ശിശുക്കളുടെ ക്ഷേമത്തിനായി പ്രത്യേക ശ്രദ്ധ പതിനാലാം പദ്ധതിക്കാലത്ത് ഏറ്റെടുക്കുന്നുണ്ട്.

പതിമൂന്നാം പദ്ധതിക്കാലത്തെ ഇടപെടൽ മൂലം ആരോഗ്യ രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പി. എച്ച്. സി. യുടെയും 3 സബ്സെന്ററുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും, സേവനം തൃപ്തികരമാക്കുവാനും സാധിച്ചിട്ടുണ്ട്. പരിരക്ഷ - ദീർഘകാല രോഗി പരിചരണം, ഡയബറ്റിക് ക്ലബ്ബ് , വിവിധ രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ ശ്രദ്ധേയമായ പ്രവർത്തനങ്ങളുമാണ്. പി.എച്ച്.സിയിൽ കിടത്തി ചികിത്സിക്കാനുള്ള സംവിധാനവും സാധാരണക്കാരന് ചിലവ് കുറഞ്ഞ ചികിത്സ ലഭിക്കുവാനുള്ള സൗകര്യവും അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്.

നാൽപത്തിയാറോളം കുടിവെള്ള പദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കീഴുപറമ്പ ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഭംഗിയായി പ്രവർത്തിക്കുന്നു. കുടിവെള്ള ക്ഷാമമനുഭവിച്ചിരുന്ന 1600 ഓളം കുടുംബങ്ങൾക്കു ജലനിധി പദ്ധതി പ്രകാരം 32 പദ്ധതികൾ പൂർത്തിയായി. സ്വജൽധാര പദ്ധതി പ്രകാരം 6 പദ്ധതികളും പൂർത്തിയായി. മഴവെള്ളം ശേഖരിച്ചു ഉപയോഗപ്പെടുത്തുന്നതിനും ജലമലിനീകരണം തടയുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളും പൂർത്തിയാക്കി.

കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ഇടപെടലുകൾ കാരണം വളരെയേറെ ആശാവഹമായ അവസ്ഥയിൽ എത്തി നിൽക്കുകയാണ് നമ്മുടെ വിദ്യാഭ്യാസ രംഗം. എൽ.പി, യു.പി. സ്കൂളുകൾ കഴിഞ്ഞ കാലങ്ങളിലുണ്ടായ പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമായി സംജാതമായിട്ടുള്ള അനുകൂലാവസ്ഥകൾ പരമാവധി ഉപയോഗപ്പെടുത്തി ഏറ്റവും മികച്ച ഒരു ഭാവിതലമുറ വാർത്തെടുക്കുന്നതിനുള്ള പ്രവർത്ത നങ്ങളാണ് ഏറ്റെടുക്കാനുള്ളത്. വിദ്യാർത്ഥികളുടെ സകല ശേഷികളും പരിപോഷിപ്പിക്കുകയും, പഠനം പൂർത്തിയാക്കുന്ന കുട്ടികൾ മുഴുവനും ഉയർന്ന ഗ്രേഡ് കരസ്ഥമാക്കുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പഞ്ചായത്തിലെ വായന ശാലകൾ, ക്ലബ്ബുകൾ, മറ്റ് സന്നദ്ധ സംഘടനകൾ കേന്ദ്രീകരിച്ച് അവയുടെ മനുഷ്യ വിഭവശേഷി ഗുണപരമായ രീതിയിൽത തിരിച്ചുവിടാനുള്ള ശ്രമങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. പഞ്ചായത്തിലെ അഞ്ച് തുടർ സാക്ഷരത കേന്ദ്രങ്ങൾ വഴിയും വിവിധ ശാക്തീകരണ പരിപാടികൾ നടപ്പിലാക്കാൻ പതിനാലാം പദ്ധതി ലക്ഷ്യമിടുന്നു. പഞ്ചായത്തിൽ വിവിധ യോഗ്യതകൾ

നേടിയവർക്കായി പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. അവരെ മത്സരപ്പരീക്ഷകളിൽ മികവ് പുലർത്താൻ പര്യാപ്തമാക്കുകയും വേണം.

**പശ്ചാത്തല മേഖല :-**

പഞ്ചായത്ത് ഉടമസ്ഥതയിൽ 212 ഓളം റോഡുകളാണുള്ളത്. 167 ഓളം ഫുട്പാത്തുകളും 17 ഓളം കുളിക്കടവുകളും. ഇവയുടെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. അതിൽ മെറ്റൽ റോഡുകൾ ടാർചെയ്യുന്നതിന് മുൻഗണന നൽകേണ്ടതുണ്ട്. നിലവിൽ സ്പിൽ ഓവറായി തുടരുന്ന പ്രവൃത്തികൾ പതിനാലാം പദ്ധതിയിൽ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ 100 ശതമാനം കുടുംബങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്. പ്രകാശപൂരിത ഗ്രാമം എന്ന പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് പരിധിയിൽ ഉള്ള സ്ഥലത്ത്  സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വിലയിരുത്തിയിട്ടുണ്ട്. ഊർജ്ജ ഉപഭോഗം കുറക്കുന്നതിനും പാരമ്പര്യതയുടെ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനും പഞ്ചായത്ത് പരിധിയിൽ ഉള്ള സ്ഥലത്ത് സോളാർ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വിലയിരുത്തിയിട്ടുണ്ട്ഉണ്ടാകേണ്ടതുണ്ട്.

**പട്ടികജാതി വിഭാഗം :-**

പഞ്ചായത്തിൽ ജനസംഖ്യയിൽ 10% മാനം വരുന്ന പട്ടികജാതിക്കാർ സാമൂഹ്യമായ അസമത്വം അനുഭവിക്കുന്നില്ലെങ്കിലും ദാരിദ്ര്യത്തിന്റെ ക്ലേശങ്ങൾ ഏറെ അനുഭവിക്കുന്നു. ഭൂരിഭാഗം പേരും തൊഴിലെടുത്താണ് ഉപജീവനം നടത്തുന്നത്. കാർഷികമേഖലയിലെ പ്രതിസന്ധിയും കൃഷിപ്പണിയോടുള്ള ആഭിമുഖ്യക്കുറവും തൊഴിലവസരങ്ങൾ ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ട്. ഇത് സ്ത്രീ തൊഴിലാളികളെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ പദ്ധതിക്കാലത്തെ ഇടപെടൽ നിമിത്തം വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ മേഖലകളിൽ വളരെയേറെ പുരോഗതി കൈവരിക്കാൻ സാധിച്ചുവെങ്കിലും പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തും അവശേഷിക്കുന്ന മേഖലകൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ എസ്.സി. വിഭാഗം കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തീരെ കുറവാണെങ്കിലും പഠന നിലവാരം മെച്ചപ്പെടുത്താൻ കഠിന യത്നം ആവശ്യമാണ്. പുതിയ തൊഴിലവസരങ്ങൾ കണ്ടെത്താനുതകുന്ന തരത്തിൽ പരിശീലനവും, സഹായവും മുൻഗണനാടിസ്ഥാനത്തിൽ ഏർപ്പെടുത്തേണ്ടതുണ്ട്.

കഴിഞ്ഞ പദ്ധതിക്കാലത്ത് പട്ടികജാതി, വിഭാഗം കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിയുള്ള പ്രൊജക്ടുകളാണ് അധികവും നടപ്പിലാക്കിയത്. പത്താം പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിൽ വ്യത്യസ്ഥങ്ങളായ പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. പട്ടികജാതി കുടുംബങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും, മേത്തരം പശു വിതരണം, ആടു വിതരണം, ഭവന നിർമ്മാണം, വീടു റിപ്പയർ, ഭൂരഹിതർക്ക് വീട് വെക്കാൻ സ്ഥലം, കിണർ, കിണർ റിപ്പയർ, വിവാഹ ധനസഹായം, നിത്യരോഗികൾക്ക് തുടർ ചികിത്സ, എസ്.സി. അനുബന്ധ പോഷകാഹാര പരിപാടി, കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ ദൂരീകരിക്കൽ, റോഡുകളുടെ പുനരുദ്ധാരണം എന്നിങ്ങനെ പ്രൊജക്ടുകൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്.

അദ്ധ്യായം 2

# നടപ്പ് വാർഷിക പദ്ധതി അവലോകനം

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തും പതിനാലാം പദ്ധതിക്കാലത്തുമായി വിവിധ മേഖലകളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്. ലക്ഷ്യമിട്ട കാര്യങ്ങൾ നേടാനായോ എന്നും, ആസ്തികളുടെ ഇന്നത്തെ അവസ്ഥ എന്തെല്ലാമെന്നും, നേടിയ ഭൗതിക ലക്ഷ്യങ്ങളും അതിനായി ചിലവഴിച്ച പണം എത്രയെന്നുമാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതോടൊപ്പം പദ്ധതി നിർവ്വഹണത്തിൽ നേരിട്ട പ്രയാസങ്ങളും അവലോകനം ചെയ്യുന്നു.

**ഉത്പാദന മേഖല:- കൃഷി വികസനം**

കഴിഞ്ഞ പദ്ധതി കാലങ്ങളിൽ കാർഷിക മേഖലയിൽ വാഴക്കൃഷി പ്രോത്സാഹനം ചെയ്യുന്നതിന് നല്ലയിനം വാഴക്കന്നുകൾ വിതരണം നടത്തുന്നതിനും ആയത് മൂലം പഞ്ചായത്തിൽ വിഷ രഹിത വാഴക്കൃഷി സാധ്യമാക്കുന്നതിനും സാധിച്ചു. അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനും പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനും ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നതിനും വിത്തുകൾ നൽകുന്നതിനും ഇത്തരം കൃഷി നടത്തുന്നത് മൂലം കാലക്രമേണ ആയവ നാട്ടിൽ സുലഭമായി ലഭിക്കുന്ന തരത്തിലേക്ക് എത്തുന്നതിനും സാധിക്കുമാറാണ് പദ്ധതി നടപ്പാക്കിയത്. തെങ്ങിന് വളം വിതരണം ചെയ്യുന്നത് മൂലം തെങ്ങ് കൃഷി നല്ല നിലയിൽ നടത്തുന്നതിന് കർഷകർക്ക് സഹായകമാവുന്നു. കൃഷിഭവൻ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ, സമഗ്ര വയൽ കൃഷി വികസന പരിപാടി, സമഗ്ര വയൽ കൃഷി വികസന പരിപാടിയിലുൾപ്പെടുത്തി നെല്ല് കൃഷി വ്യാപിപ്പിക്കുകയും മേത്തരം വിത്തിനങ്ങളുടെ പ്രചാരണത്തിലൂടെ ഉത്പാദന വർദ്ധനവിനും സാധിച്ചു. വിത്തുകളും വളങ്ങളും വിതരണം നടത്തുന്നതു മൂലം തരിശിട്ടിരുന്ന വയൽഭൂമി പരിപൂർണ്ണമായും കൃഷിക്കുപയുക്തമാക്കുന്ന സാഹചര്യം നിലവിൽ വന്നു. ഒരിപ്പു കൃഷിയിടങ്ങളിൽ ഇരിപ്പു കൃഷി വ്യാപിപ്പിക്കുവാനും സാധിച്ചു. കരഭൂമി വികസന പരിപാടിയുടെ ഭാഗമായി തെങ്ങിന് വളം, പമ്പ് സെറ്റ്, കിണർ, കയ്യാല, വാഴ കൃഷിക്ക് വളം, തെങ്ങ് കയറ്റ മെഷീൻ, കേടു വന്ന തെങ്ങ് മുറിച്ചു മാറ്റുന്നതിന് സഹായം എന്നീ ഒരു കൂട്ടം ആനുകൂല്യങ്ങൾ നൽകാൻ സാധിച്ചു. ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷിക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിയതുവഴി കൂടുതൽ പ്രദേശത്ത് അധിക കൃഷി ഇറക്കാനും അതുവഴി ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ശ്രദ്ധതിരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കീഴുപറമ്പ് പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലക്ക് ധാരാളം സാധ്യതകളുണ്ട്. കന്നുകാലി വളർത്തൽ (പശു, ആട്, എരുമ) ധാരാളം കുടുംബങ്ങൾക്ക് ഒരു വരുമാന സ്രോതസ്സായി വർത്തിക്കുന്നു. മുൻപ് പാൽ സൊസൈറ്റി ഇല്ലാതിരുന്ന കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് സൊസൈറ്റി സ്ഥാപിക്കുന്നതിനും ആയത് മൂലം പാലിന് സബ്സിഡി നൽകുന്നതിനും കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നതിനും സാധിച്ചു. ഇതിൽ നിന്നും പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ക്ഷീര കർഷകർക്ക് ആശ്വാസമാകുന്ന തരത്തിൽ ധാതുലവണങ്ങൾ വിതരണം നടത്തുന്നതിനും പട്ടികജാതി കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് ആട്, പശു എന്നിവ വിതരണം നടത്തുന്നതിനും സാധിച്ചു.

പശു, എരുമ വളർത്തുന്നവർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുവാനും ഇത് വഴി ഈ മേഖലയിൽ ഉപജീവനം നടത്തുന്നവർക്ക് പരമാവധി സഹായം ചെയ്യാനും സാധിച്ചിട്ടുണ്ട്. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനും അതുവഴി ഈ മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സാധിച്ചു. ഉയർന്ന മുട്ട ഉത്പാദന ശേഷിയുള്ള കോഴികളെയും കൂടും കഴിഞ്ഞ വർഷങ്ങളിൽ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാനും ഇതുവഴി പഞ്ചായത്തിലെ മുട്ട ഉത്പാദനം വർദ്ധിപ്പിക്കാനും കർഷകർക്ക് ഒരു ചെറിയ വരുമാനം ഇതുവഴി ലഭ്യമാക്കാനും പ്രോജക്ട് കൊണ്ട് സാധിച്ചിട്ടുണ്ട്.

വ്യാവസായിക രംഗത്ത് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രകാരം വെളിച്ചെണ്ണ ഉത്പാദനം യൂണിറ്റിനുള്ള കെട്ടിടം നിർമ്മിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്ന് വരികയും ചെയ്യുന്നു. 6 കോടിയുടെ പദ്ധതിക്കാണ് ജില്ലാ പഞ്ചായത്ത് തുടക്കം കുറിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായി മേലാപറമ്പ് പ്രദേശത്ത് “പൊൻ പാടം” മട്ട, തവിട് കളയാത്ത അരിയുടെ ഉത്പാദനവും വിപണനവും ഏർപ്പെടുത്തുവാൻ സാധിച്ചു. ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ പലതും ഇക്കാലയളവിൽ തുടക്കം കുറിച്ചു. പഞ്ചായത്തിലെ ഒറ്റപ്പെട്ടു കിടക്കുന്ന പ്രത്യേകിച്ചും കുന്നിൻ പുറങ്ങളിലും മറ്റും താമസിക്കുന്ന ദരിദ്ര ജനവിഭാഗങ്ങൾക്ക് വൈദ്യുതീകരണം സാധ്യമാവുന്നതിനും ഗതാഗത സൗകര്യത്തിനും വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിന്നും, എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും, പഞ്ചായത്ത് വിഹിതവും നീക്കിവെച്ചിട്ടുണ്ട്. ഇതും കൂടി പ്രാവർത്തികമായാൽ കീഴുപറമ്പ് സമ്പൂർണ്ണ വൈദ്യുതീകരണവും, ഗതാഗത യോഗ്യവുമുള്ള പഞ്ചായത്തായി മാറും.

**സേവന മേഖല :-**

പത്താം പദ്ധതിയുടെ അഞ്ച് വർഷങ്ങളിൽ എല്ലാ വികസന മേഖലകളിലും ദാരിദ്ര്യ ലഘൂകരണ കാഴ്ചപ്പാടോടെയുള്ള പ്രൊജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ദരിദ്രരുടെ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എല്ലാം പരിഗണിച്ച്, ഒരു സമഗ്ര സംയോജിത പദ്ധതി രൂപപ്പെടുത്താൻ പതിനാലാം പദ്ധതിയുടെ ആരംഭത്തിൽ ശ്രദ്ധിച്ചു. അതിനായി ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, വൈദ്യുതി, തൊഴിൽ പരിശീലനങ്ങൾ, തൊഴിൽ സംരംഭങ്ങൾ തുടങ്ങൽ, റോഡ്, സാമൂഹ്യ സേവനം, സാമൂഹ്യ സുരക്ഷാ മേഖലകൾ തുടങ്ങിയ സമസ്ത മേഖലകളിലും, പ്രൊജക്ടുകൾ ഏർപ്പെടുത്തിയിരുന്നു. ഭവന നിർമ്മാണം, വീട് റിപ്പയർ എന്നീ പ്രോജക്റ്റുകൾ വഴിയുള്ള ആനുകൂല്യം പരമാവധി വേഗത്തിൽ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു.

അംഗൻവാടികളുടെയും സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി മികച്ച പഠനാന്തരീക്ഷം, അംഗൻവാടികളിൽ കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷക ഭക്ഷണം, വിവിധ വനിതാ ശാക്തീകരണ പരിപാടികൾ, അംഗൻവാടി കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, എന്നീ വിഭാഗങ്ങൾക്ക് പോഷണ മൂല്യമുള്ള ഭക്ഷണം, അംഗൻവാടികളുടെ അടിസ്ഥാന സാഹചര്യം മെച്ചപ്പെടുത്തി, പഠനോപകരണങ്ങൾ നൽകി, ഫർണീച്ചർ, വർക്കർ ഹെൽപർ - ഓണറേറിയം, ട്രെയിനിംഗ്, ആരോഗ്യ സെമിനാർ, അംഗൻവാടി കൊടിമരം, പെഡഗോജി, ചുമർ ചിത്രങ്ങൾ, എന്നീ പ്രോജക്ടുകളും നടപ്പിലാക്കി. 21 അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമായി.

ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ കൂടി കുടിവെള്ള പദ്ധതി ഉൾപ്പെടെ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളിലൂടെ കുടിവെള്ള ക്ഷാമത്തിന് ആശ്വാസം പകരാൻ സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സ്കീമുകൾ ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ചുകൊണ്ട് മാത്രമേ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കാൻ കഴിയൂ. പതിനാലാം പദ്ധതിക്കാലത്ത് കുടിവെള്ള, ശുചിത്വ മേഖലകളിൽ വൻ കുതിച്ചു ചാട്ടത്തിന് അവസരമൊരുങ്ങി. ജലനിധി പദ്ധതി പഞ്ചായത്തിന് ലഭിച്ചതോടെ കുടിവെള്ള ക്ഷാമമനുഭവപ്പെട്ടിരുന്ന നിരവധി കുടുംബങ്ങൾക്ക് വീട്ടുമുറ്റത്ത് ശുദ്ധജലം എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും പ്രസ്തുത കുടിവെള്ളം കൂടുതൽ ശുദ്ധീകരിക്കുന്നതിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാൻ സ്ഥലം വാങ്ങുകയും മുഴുവൻ വീടുകളിലും ശുദ്ധജലം എത്തിക്കാൻ വേണ്ടി ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു പൈപ്പ് ലൈൻ കണക്ഷനും പൂർത്തീകരിക്കാൻ വേണ്ടിയുള്ള മുഴുവൻ നടപടി ക്രമങ്ങളും പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 2026 ഓടെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കുന്നതിന്റെ ഭാഗമായി “ഗ്രാമം പൂങ്കാവനം” എന്ന പദ്ധതിയിലൂടെ അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും കടകളിൽ നിന്നും ഹരിത കർമ്മസേന ശേഖരിച്ച് അവ മെറ്റീരിയിൽ കളക്ഷൻ സെന്ററിൽ നിന്ന് വേർതിരിച്ച് അംഗീകൃത ഏജൻസിക്ക് കൈമാറുന്നു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി കംപോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, അസോള ടാങ്ക്, ബയോഗ്യാസ് പ്ലാന്റുകൾ, ബയോബിൻ തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നു. ശുചിത്വത്തിന് ഏറെ പ്രാധാന്യം നൽകുന്ന ഇത്തരം പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രധാനമായും എഫ്.എച്ച്.സി. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിരുന്നു. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഇലക്ട്രിഫിക്കേഷൻ പൂർണ്ണമായി മാറ്റുന്നതിനും, കെട്ടിടം പുനരുദ്ധരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ എഫ്.എച്ച്.സി ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എഫ്.എച്ച്.സി കെട്ടിടത്തിലേക്ക് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനും സബ്സെന്ററുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ ബോധവൽക്കരണം, മരുന്ന് വാങ്ങൽ എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കി. വൃദ്ധർക്കും കുട്ടികൾക്കും പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതികൾ എന്നിവ നടപ്പിലാക്കി. സംസ്ഥാനത്ത് ഏറ്റവും ശ്രദ്ധേയമായി മാറിയ പ്രൊജക്ടാണ് പരിരക്ഷ. നമ്മുടെ പഞ്ചായത്തിലെ അവശരായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിച്ച് അവർക്ക് ആവശ്യമായ മരുന്നുകളും ചികിത്സകളും നടത്തി മാതൃകാപരമായ പ്രവർത്തനമാണ് ഇത് വഴി നടപ്പാക്കുന്നത്. ഇതിന്റെ ചുവട് പിടിച്ച് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ പഞ്ചായത്തുകളിൽ ഇന്ന് ഈ പ്രവൃത്തി പ്രാവർത്തികമാക്കിയിട്ടുണ്ട്. നിസ്വാർത്ഥമായ ഒരു പറ്റം വളണ്ടിയർമാരുടെ ആത്മാർത്ഥമായ പരിശ്രമങ്ങളാണ് പരിരക്ഷ പദ്ധതിയുടെ വിജയത്തിന് പിന്നിലുള്ളത്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ആരോഗ്യഭേരി പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

ഇന്ന് വ്യാപകമായി കണ്ടുവരുന്ന രോഗമാണ് പ്രമേഹ രോഗം. നമ്മുടെ പഞ്ചായത്തിലും ഇത് ഏറെ രോഗികളെ സൃഷ്ടിച്ചിട്ടുണ്ട്. ചികിത്സിക്കുന്നതിന് വേണ്ടി

ഏറെ സാമ്പത്തിക ചിലവ് വരുന്ന രോഗമായത് കാരണം പാവപ്പെട്ടവർക്ക് കൃത്യമായ ചികിത്സ ലഭിക്കാറില്ല. ഈ അവസ്ഥ പരിഹാരം കാണുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ പദ്ധതിയാണ് പ്രമേഹ രോഗ പരിചരണവും ലാബ് സൗകര്യവും. ഇതിന്റെ ഭാഗമായി പാവപ്പെട്ട രോഗികൾക്ക് ഇൻസുലിൻ അടക്കമുള്ള മരുന്നുകൾ എത്തിക്കാനും മെഡിക്കൽ ക്യാമ്പ് ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിക്കാനും സാധിക്കുന്നു.

ആയുർവേദ ആശുപത്രിയുടെ ആവിർഭാവം മുതൽ മുടങ്ങാതെ മുഴുവൻ രോഗികൾക്കും മരുന്ന് നൽകാനും ആശുപത്രിക്ക് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനും സാധിച്ചു. ആയുർവേദ ആശുപത്രിയിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കെട്ടിടത്തിൽ ഒന്നാം നില നിർമ്മിക്കുകയും പ്രവർത്തി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. ആയുർവ്വേദ ആശുപത്രിയുടെ കീഴിൽ വനിതകൾക്ക് യോഗ പരിശീലനവും നടത്തി വരുന്നു.

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വന്നിരുന്ന ഹോമിയോ ആശുപത്രിക്ക് നിലവിലുള്ള കെട്ടിടം പുനരുദ്ധരിച്ച് പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സാധിച്ചു.
പ്രൈമറി തലത്തിൽ കുട്ടികളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം, സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷത്തിൽ വായന ശീലം വർദ്ധിപ്പിക്കുന്നതിന് നൂതന പ്രോജക്ടായി കുട്ടികളുടെ വീടുകളിൽ ലൈബ്രറി സ്ഥാപിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും സാധിക്കുകയുണ്ടായി. 1976 ൽ കീഴുപറമ്പ് പഞ്ചായത്ത് രൂപീകരണ ശേഷം വിദ്യാലയങ്ങളുടെ എണ്ണത്തിലുണ്ടായ വളർച്ച പ്രൈമറി വിദ്യാഭ്യാസം നിറവേറ്റാൻ പര്യാപ്തമായിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് ഇന്ന് മറ്റ് പ്രദേശങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. സ്കൂളുകളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് വേണ്ടി സ്കൂളുകൾക്ക് ഫർണിച്ചർ, ലാപ്ടോപ്, പ്രൊജക്ടർ എന്നിവ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിലെ പദ്ധതികളിൽ നടപ്പാക്കാൻ സാധിച്ചു.

വിദ്യാഭ്യാസ രംഗത്തെ നൂതനമായ പ്രോജക്റ്റുകളുടെ പൂർത്തീകരണം മൂലം ഗുണേമൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. പി.ടി.എ, എം.പി.ടി.എ ബോധവൽക്കരണത്തിലൂടെ സ്കൂളുകളുമായി അടുത്ത ബന്ധം പുലർത്താനും വിദ്യാഭ്യാസ ബോധ നിലവാരം ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. വിജയഭേരി വിജയസ്പർശം പദ്ധതിയുടെ ഭാഗമായി പിന്നോക്കം നിക്കുന്ന കുട്ടികളെ മുന്നോട്ട് നയിക്കാൻ പഞ്ചായത്ത് തലത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു.

തുടർ സാക്ഷരത രംഗത്ത് ഏറെ സ്തുത്യർഹമായ പ്രവർത്തനമാണ് ഗ്രാമ പഞ്ചായത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. 4, 7 ക്ലാസ് തുല്യത പരീക്ഷയിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷ എഴുതിയത് നമ്മുടെ പഞ്ചായത്തിൽ നിന്നാണ്. 10, +1, +2 തുല്യതാ പരീക്ഷകളും നടന്നു വരുന്നു. തുല്യതാ പഠിതാക്കൾക്ക് ആവശ്യമായ പുസ്തകവും അനുബന്ധ സൗകര്യങ്ങളും അക്ഷര ദീപം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ പ്രവർത്തകരുടെ ആത്മാർത്ഥമായ പരിശ്രമങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. പ്രാദേശിക ഭരണകൂടെമന്ന

നിലയിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സമീപ കാലത്ത് കൈവന്ന ഉത്തരവാദിത്തങ്ങളും അധികാരങ്ങളും ചുമതലകളും വളരെയേറെയാണ്. ദിനേന നിരവധി ജനങ്ങൾ പഞ്ചായത്തുമായി ബന്ധപ്പെടുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടി ഏർപ്പെടുത്തിയതാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. നമ്മുടെ പഞ്ചായത്തിലും ഇതിന്റെ പ്രവർത്തനം കൃത്യസമയത്തു തന്നെ ആരംഭിക്കുകയും അതുവഴി നേരിട്ടിരുന്ന നിരവധി പ്രയാസങ്ങൾ ലഘൂകരിക്കുവാനും സാധിച്ചിട്ടുണ്ട്. നിലവിൽ പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസിൽ വരാതെ തന്നെ സേവനങ്ങൾ ഐ. എൽ. ജി. എം. എസ് സോഫ്റ്റ്‌വെയർ വഴി സാധ്യമാകുന്നുണ്ട്. കേരളത്തിൽ ആദ്യമായി 150 പഞ്ചായത്തുകളിലായിരുന്നു ഇത് നടപ്പിലാക്കിയത്. അതിൽ ഒന്ന് നമ്മുടെ പഞ്ചായത്താണ്. മെച്ചെപ്പട്ട സേവനം ഉറപ്പുവരുത്തുന്നതിന് വേണ്ടി കുറ്റമറ്റ രീതിയിലുള്ള കമ്പ്യൂട്ടർ സംവിധാനവും ഓഫീസ് വിപുലീകരണവും, അടിസ്ഥാന സൗകര്യങ്ങളും വൈദ്യുത ഉപയോഗം ലാഭകരമാക്കുന്നതിന് സോളാർ പാനലും പദ്ധതിക്കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

**പശ്ചാത്തല മേഖല :-**

കീഴുപറമ്പ് പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതിക്കാലത്ത് അടിസ്ഥാന സ്വകാര്യ മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഉൾപ്രേദശങ്ങളിലുള്ള താമസക്കാർക്ക് മെയിൻ റോഡുമായി ബന്ധെപ്പടുവാൻ ഫുട്പാത്തുകളും നിർമ്മിക്കുകയുണ്ടായി. തൻവർഷം പഞ്ചായത്ത് മേഖലയിൽ മെയിന്റനൻസ് ഗ്രാന്റ്, പ്ലാൻ ഫണ്ട്, എന്നീ വിഭാഗം ഫണ്ടുകൾ വകയിരുത്തി നിവിലുള്ള ഭൂരിഭാഗം റോഡുകൾ നവീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പഞ്ചായത്തിനെ പ്രകാശ പൂരിതമാക്കാൻ വേണ്ടി സ്ട്രീറ്റ് മെയിൻ വലിക്കലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും നടന്നു വരുന്നു. അതിന്റെ തുടർ പ്രവർത്തനത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

**പട്ടികജാതി വികസനം:-**

പട്ടികജാതി വികസന മേഖലയിൽ നല്ല നിലയിലുള്ള പുരോഗതി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ വിവിധങ്ങളായ മേഖലകളിൽ മുന്നേറുവാനും നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സാധിച്ചിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം പല ഘട്ടങ്ങളിലായി നടത്തി വരുന്നു. പട്ടികജാതി കുട്ടികളുടെ വിവാഹ ധനസഹായത്തിനും കുടിവെള്ളം ലഭിക്കുന്നതിന് ഗാർഹിക കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ തുകയും പദ്ധതിയിൽ വകയിരുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടിക ജാതിക്കാരായ വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വീടുകളിൽ പഠന മുറി നിർമ്മാണം പൂർത്തിയായി വരുന്നു. അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെട്ടിട്ടുണ്ട്. അപേക്ഷകരിൽ തയ്യാറായ മുഴുവൻ പേർക്കും വീട് റിപ്പയർ എന്നിവ നൽകാൻ സാധിച്ചിട്ടുണ്ട്.

അദ്ധ്യായം 3

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

കഴിഞ്ഞ പദ്ധതി കാലങ്ങളിലെ നേട്ടകോട്ടങ്ങൾ പരിശോധിക്കുമ്പോൾ പദ്ധതി ആസൂത്രണ നിർവ്വഹണത്തെ പൊതുവായി ബാധിച്ച ന്യൂനത പദ്ധതി രൂപീകരണത്തിലും അംഗീകരിക്കുന്നതിലും മറ്റ് അനന്തിര നടപടികൾ പൂർത്തീകരിക്കുന്നതിലും നേരിട്ട കാലതാമസമാണ്. ഇതു കാരണം പല പ്രൊജക്ടുകളും സമയത്ത് ആരംഭം കുറിക്കുവാനും സമയബന്ധിതമായി പൂർത്തികരിക്കുവാനും പറ്റാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെ നടപടിക്രമങ്ങളുടെ സങ്കീർണ്ണതകൾ പലപ്പോഴും കുറ്റമറ്റ രീതിയിൽ പ്രൊജക്ട് രൂപീകരിക്കുന്നതിനുള്ള സമയം കവർന്നെടുക്കാറുണ്ട്. നിലവിലുള്ള ഫണ്ട് വെട്ടിക്കുറച്ചതും സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക പൂർണ്ണമായി അനുവദിക്കാതിരുന്നതും കോട്ടങ്ങളായി വിലയിരുത്താവുന്നതാണ്.

മൃഗപരിപാലന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ പാൽ ഉത്പാദന വർദ്ധനവിനും ദരിദ്ര ജനവിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കറവ മാടുകളുടെ സുരക്ഷ ഉറപ്പാക്കാനും അവസരമൊരുക്കി. എന്നാൽ പാൽ വിപണന സാധ്യതകൾ ചൂഷണം ചെയ്യാൻ സാധിക്കാതെ പോയത് കോട്ടമായി ചൂണ്ടിക്കാണിക്കാം.

കഴിഞ്ഞ രണ്ടു പദ്ധതിക്കാലങ്ങളിലെ ഇടപെടൽ മൂലം വനിതകളുടെ പങ്കാളിത്തപരമായ ശേഷി ഉയർത്താൻ സാധിച്ചിട്ടുണ്ട്. അയൽകൂട്ടങ്ങളിലൂടെ കൂട്ടായ ബോധം വളർത്താനും സമ്പാദ്യ ശീലത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും സാധിച്ചിട്ടുണ്ട്. വനിതാ തൊഴിൽ യൂണിറ്റുകളിലൂടെ തൊഴിൽ വൈദഗദ്ധ്യം നേടാൻ സാധിച്ചിട്ടുണ്ടെങ്കിലും ഉത്പാദന വിപണന രംഗത്തേക്ക് പ്രവേശിച്ചത് വിരലിലെണ്ണാവുന്നത് മാത്രമാണ്. തൊഴിൽ മേഖലയിൽ കൂടുതൽ വിദഗ്ദ്ധമായ പരിശീലനത്തിന്റെയും മറ്റ് സഹായ സംവിധാനങ്ങളുടെ അപര്യാപ്തത നിഴലിച്ചു നിൽക്കുന്നു. അംഗൻവാടികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യവും, അമ്മമാരുടെ ഇടപെടലും സാധ്യമായി. പഠനരീതി പരിഷ്കരിക്കലും വർക്കർ, ഹെൽപർ പരിശീലനവും വേണ്ടത്ര പരിഗണിക്കാതെ പോയി.

കഴിഞ്ഞ പദ്ധതിക്കാലത്ത് ഏറ്റവും കൂടുതൽ ഇടപെടലുകൾ നടന്നമേഖലയാണ് വിദ്യാഭ്യാസം. ഗവൺമെന്റ് സ്കൂളുകൾക്ക് മിക്കതിനും ഭൗതിക സാഹചര്യങ്ങൾ കുടിവെള്ളമടക്കം മറ്റു അടിസ്ഥാന സൗകര്യങ്ങളൊരുക്കുവാനും നല്ല പഠനാന്തരീക്ഷം ഒരുക്കുവാനും സാധിച്ചു. ഗുണമേൻമക്കും, വിദ്യാർത്ഥികളുടെ വിവിധ ശേഷി പോഷണത്തിനും ബോധപൂർവ്വമായ ശ്രമങ്ങളുണ്ടായി. ഗ്രന്ഥശാലകളുടേയും ക്ലബ്ബുകളുടേയും പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുവാനും കായിക പരിശീലനം ഏർപ്പെടുത്തുവാനും സാധിച്ചു. ക്ലബ്ബുകളുടേയും സന്നദ്ധസംഘടനകളുടേയും മനുഷ്യവിഭവശേഷി നിർമ്മാണാത്മക മേഖലകളിൽ കൂടുതൽ ചൂഷണം ചെയ്യേണ്ടത് പ്രധാന പ്രശ്നമാണ്.

അടിസ്ഥാന സൗകര്യ മേഖലയിൽ കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞ പദ്ധതിക്കാലത്ത് സാധിച്ചിട്ടുണ്ട്. പുതുതായി റോഡുകൾ നിർമ്മിക്കാനും, നിലവിലുള്ള റോഡുകളുടെ ഉപരിതലം അഭിവൃദ്ധിപ്പെടുത്താനും സൈഡ് കെട്ട് അനിവാര്യമായ റോഡുകൾ സൈഡ് കെട്ടി അഭിവൃദ്ധിപ്പെടുത്താനും, നടപ്പാതകൾ, തൊഴിലുറപ്പ് പദ്ധതി,

വാർഷിക പദ്ധതി, എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിലെ എല്ലാ സ്ഥലങ്ങളിലേക്കും സഞ്ചാര യോഗ്യമായ റോഡുകളും ഫുട്പാത്തുകളും എത്തിക്കാനും സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ പദ്ധതി കാലങ്ങളിൽ സർക്കാർ അനുവദിച്ചിട്ടുള്ള വിഹിതങ്ങൾക്കും ഗ്രാന്റുകൾക്കും പുറമെ വിവിധ വകുപ്പുകൾ ഏജൻസികൾ മുഖേന നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വകുപ്പ് തല പരിപാടികളിൽ കാർഷിക മേഖലയിൽ കേരശ്രീ പദ്ധതി വഴി തെങ്ങിന് വളം, പമ്പ് സെറ്റ്, രോഗം വന്ന തെങ്ങ് വെട്ടിമാറ്റൽ എന്നിവയും, ആർ.കെ.വി.വൈ. പദ്ധതിയിൽ തെങ്ങ് വളം, ഇടവിള, ഫലവർഗ്ഗ തൈകൾ വിതരണം, എന്നിവയും വിതരണം നടത്തി. വാർഷിക പദ്ധതി പ്രകാരം വാഴകൃഷി, പച്ചക്കറി കൃഷി, കുരുമുളക് കൃഷി എന്നിവക്ക് പ്രോത്സാഹനം നൽകി. കൂടാതെ കൃഷി വകുപ്പ് വഴി കാട് വെട്ട് യന്ത്രം, പമ്പ് സെറ്റ്, വീൽ ബാറോ, ബയോഗ്യാസ് പ്ലാന്റ് പരിശീലനം എന്നിവ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. മൃഗ സംരക്ഷണ മേഖലയിൽ പ്രത്യേക ഗോരക്ഷാ ക്യാമ്പ്, കന്നുകുട്ടികൾക്ക് തീറ്റ, വാക്സിനേഷൻ എന്നീ പദ്ധതികൾ നടപ്പാക്കി. മൃഗാശുപത്രി മുകൾ നില നവീകരണം നടത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. മൃഗാശുപത്രിക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്ന് പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനം മുഴുവൻ ജനവിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ വാലില്ലാപുഴ, തൃക്കളയൂർ, വെസ്റ്റ് പത്തനാപുരം എന്നീ പ്രദേശങ്ങളിൽ പുതിയ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും ഈ പദ്ധതി മുഖേന സാധിച്ചു.

പശ്ചാത്തല മേഖലയിൽ എം.പി. ഫണ്ട് ഇനത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിനും സാഗി പഞ്ചായത്തായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ഡിപാർട്ട്മെന്റുകൾ മുഖേന പുതിയ പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്ന് വരുകയും ചെയ്യുന്നു.

അദ്ധ്യായം 4

## വികസന കാഴ്ചപ്പാട് - ലക്ഷ്യങ്ങൾ, തന്ത്രം.

കാർഷിക മേഖലയിലെ പ്രധാന കൃഷിയായ തെങ്ങ് കൃഷിയിൽ പ്രധാന പ്രശ്നം ഉൽപന്നങ്ങളുടെ വിലക്കുറവും കൂമ്പുചീയൽ, മണ്ഡരി എന്നീ രോഗ കീടങ്ങളുമാണ്. ഉത്പന്ന വൈവിദ്ധ്യ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഒന്നും തന്നെയില്ല. വിളവെടുപ്പിനും തോട്ടങ്ങളിലെ കൃഷിപ്പണിക്കും തൊഴിലാളികളുടെ ലഭ്യതക്കുറവും മേഖലയിലെ പ്രധാന പ്രശ്നമാണ്. പ്രസ്തുത മേഖലയിലേക്ക് ജില്ലാ പഞ്ചായത്ത് മുഖാന്തിരം വെളിച്ചെണ്ണ ഉത്പാദന യുണിറ്റ് സ്ഥാപിക്കുന്നത് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്.

നെല്ലുത്പാദനം നേരിടുന്ന പ്രധാന പ്രശ്നം നെൽവയൽ മണ്ണിട്ടു നികത്തിയും, കമുക്, വാഴ എന്നീ കൃഷികൾക്കായി തരം മാറ്റിയും കൃഷി സ്ഥലം ഇല്ലാതാക്കുന്നതു തന്നെയാണ്. ഉയർന്ന കൂലി നിരക്ക്, സ്ത്രീ തൊഴിലാളികളുടെ ലഭ്യതക്കുറവ്, പാടശേഖരം ചെറിയ കണ്ടങ്ങളായി കിടക്കുന്നതു മൂലം യന്ത്രവൽക്കരണം നടപ്പാക്കുന്നതിലെ ബുദ്ധിമുട്ട് എന്നിവയാണ്. മുൻ വർഷങ്ങളിൽ സംസ്ഥാന സർക്കാർ നെല്ലു സംഭരണം നടപ്പാക്കിയത് ഉത്പന്ന വിലയിടിവ് നേരിടുന്നതിന് ഒരു പരിധിവരെ സഹായകരമായിട്ടുണ്ട്. മുൻ കാലങ്ങളിൽ ഹെക്ടർ കണക്കിന് സ്ഥലത്ത് ഒന്നാം വിളയും രണ്ടാം വിളയും ചെയ്തിരുന്ന സ്ഥിതിയിൽ നിന്നും വിസ്തൃതി കേവലം കുറഞ്ഞ ഹെക്ടറുകൾ ആയി കുറയാൻ കാരണം മുകളിൽ പറഞ്ഞവ തന്നെയാണ്. എന്നാൽ കർഷകൻ അത്യുത്പാദന ശേഷിയുള്ള നെൽവിത്ത് കൃഷി ചെയ്യുന്നത് മൂലം ഉത്പാദനം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കമുക് കൃഷി വിസ്തൃതിയിൽ മൂന്നിരട്ടി വർദ്ധനയാണ് കഴിഞ്ഞ വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ളത്. ചെറിയ തോതിൽ മഞ്ഞളിപ്പും, മഹാളി രോഗവുമാണ് പ്രധാന പ്രശ്നങ്ങൾ.

ജനങ്ങൾ കടന്നു വരാൻ മടിക്കുന്ന ഒരു മേഖലയാണ് കന്നുകാലി വളർത്തൽ. ഉയർന്ന കാലിത്തീറ്റ വിലയും, നെൽകൃഷി കുറഞ്ഞതു മൂലം വൈക്കോലിന്റെ ലഭ്യത കുറവും പാൽ വിപണന സൗകര്യം കുറഞ്ഞതും ലഭ്യമാകുന്ന കുറഞ്ഞ വിലയും കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൽ കന്നുകാലി വളർത്തൽ ദുഷ്ക്കരമാക്കുന്നു. അതുകൊണ്ട് ക്ഷീര കർഷകരെ ഈ മേഖലയിൽ നില നിർത്തുന്നതിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

മിൽക്ക് സൊസൈറ്റി സ്ഥാപിച്ചതിലൂടെ പാൽ വിപണന സൗകര്യം മെച്ചപ്പെടുത്താനും പഞ്ചായത്തിന്റെ വിവിധ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുവാനും സാധിക്കുകയുണ്ടായി. നിശ്ചിത എണ്ണം കന്നുകാലികളേയും, ആടുകളേയും വളർത്തുന്ന ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴുത്ത് നിർമ്മിക്കാനും സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കൂടുതൽ ആളുകൾ ഈ മേഖലയിലേക്ക് കടന്നു വരേണ്ടതുണ്ട്. കാലിത്തീറ്റയും മരുന്നുകളും സബ്സിഡിയോടെ മൃഗാശുപത്രി മുഖേന വിതരണം ചെയ്ത് വരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം പ്രാധാന്യം അർഹിക്കുന്ന മേഖലയാണ് ദാരിദ്ര്യ ലഘൂകരണം. കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലയളവിൽ പാവപ്പെട്ട ജന വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വീട് ഇല്ലാത്ത എല്ലാവർക്കും (ബി.പി.എൽ) വീട് നൽകുന്ന

പ്രൊജക്ട് കഴിഞ്ഞ പദ്ധതി കാലയളവിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ലൈഫ് ഭാവന പദ്ധതി മുഖാന്തിരം നൽകുന്ന വീടുകൾ ഇനിയും പൂർത്തീകരിക്കാൻ ഉണ്ട്. സ്വയം തൊഴിൽ മേഖലയിൽ പ്രവർത്തിക്കാൻ ഇപ്പോഴും ബി.പി.എൽ കുടുംബങ്ങൾ മുന്നോട്ട് വരുന്നില്ല. കഴിഞ്ഞ പദ്ധതി കാലയളവിൽ വിവിധ തൊഴിൽ മേഖലയിൽ പരിശീലനം കൊടുത്തവരെ പൂർണ്ണമായും സ്വയം തൊഴിലിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല.

ആയുർവേദ ആശുപത്രിയിൽ മരുന്ന് ലഭ്യമാക്കുന്നുണ്ടെങ്കിലും കുറഞ്ഞ മരുന്നാണ് ഡിപാർട്ട്മെന്റ് ഭാഗത്ത് നിന്ന് ലഭിക്കുന്നത്. ബാക്കി തുക ജനകീയാസൂത്രണം വഴി കണ്ടെത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും കമ്പ്യൂട്ടർവത്കരണം നടന്നു കഴിഞ്ഞതാണ്.

ഔഷധങ്ങൾ പാകം ചെയ്യുന്നതിന് ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ദിവസവും ശരാശരി 100ൽ പരം രോഗികൾ ആശുപത്രിയിൽ ചികിത്സക്കായി എത്തുന്നുണ്ട്. ഇവർക്ക് വേണ്ട ഔഷധങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണ്. എന്നിരുന്നാലും കിടത്തി ചികിത്സ നടത്തുന്നതിനുള്ള സൗകര്യങ്ങളും തുടർ ചികിത്സക്ക് ആവശ്യമായ മരുന്നും ല്യമാക്കേണ്ടതുണ്ട്.

സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കുട്ടികൾക്ക് ആവശ്യത്തിന് കളിസ്ഥലങ്ങൾ ഉള്ള സ്കൂളുകൾ കുറവാണ്. ഗവൺമെന്റ് സ്കൂളുകളിൽ ചുറ്റുമതിൽ സ്ഥാപിക്കുന്നതിനും പൊതു വഴി ഇല്ലാത്തവക്ക് പൊതുവഴി ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിയിലൂടെ ഈ പഞ്ചായത്തിൽ നിലവിലുള്ളതും പുതുതായി നിർമ്മിച്ചിട്ടുള്ളതുമായ ഒട്ടനവധി റോഡുകളും വികസന പ്രവർത്തനങ്ങളും മുൻകാലത്ത് നടന്നിട്ടുണ്ടെങ്കിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പല ഭാഗങ്ങളിലും റോഡുകളുടെ വീതി കുറവ് മൂലം നിരവധി ജനങ്ങൾ യാത്രാ ക്ലേശം അനുഭവിക്കുന്നുണ്ട്. നിലവിലുള്ള ഗ്രമീണ റോഡുകളിൽ സർക്കാർ ഫണ്ടിന്റെ കുറവ് നൽകൽ മൂലം പലതും അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാറില്ല. അടുത്ത കാലത്തായി വിട്ടു കിട്ടിയ റോഡുകളും റോഡുകളുടെ വികസന ഫണ്ട് കുറവ് കാരണം ഗതാഗത യോഗ്യമാക്കാനായി സാധിച്ചിട്ടില്ല. നിലവിലുള്ള പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. ഗ്രാമീണ റോഡുകൾക്ക് ആവശ്യമായ ഡ്രെയിനേജ് സംവിധാനം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

മുൻ വർഷ കാലയളവിനുള്ളിൽ പഞ്ചായത്തുകളിൽ നടത്തേണ്ട വികസന പ്രവർത്തനം അതിന്റെ പരിപൂർണ്ണതയിൽ എത്തണമെങ്കിൽ പട്ടികജാതി വികസന പ്രവർത്തനങ്ങൾ കാലോജിതമായി മാറ്റം വരുത്തി യഥാവിധി നടപ്പിലാക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിൽ പട്ടികജാതി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കുടുംബ സാമൂഹിക സാംസ്കാരിക മേഖലയിൽ കാര്യമായി മാറ്റം വന്നിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിയും. ഓരോ കുടുംബത്തെയും ഒരു യൂണിറ്റായി കണ്ട് ഒരു സൂഷ്മ പദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. വീടു പോലുള്ള സൗകര്യങ്ങൾ ഏകദേശം എല്ലാ കുടുംബങ്ങളിലും എത്തിയിട്ടുണ്ട്.

പട്ടികജാതി വികസന മേഖലയിൽ വൻ മുന്നേറ്റമാണ് നമുക്ക് സൃഷ്ടിക്കാൻ സാധിച്ചത്. പട്ടികജാതി വിഭാഗങ്ങളുടെ വിവിധങ്ങളായ മേഖലകളിൽ മുന്നേറുവാനും

നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സാധിച്ചിട്ടുണ്ട്. നഗറുകളുടെ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെട്ടിട്ടുണ്ട്. അപേക്ഷകരായ മുഴുവൻ പേർക്കും വീട്, വീട് റിപ്പയർ എന്നിവ നൽകാൻ സാധിച്ചിട്ടുണ്ട്. വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ആവശ്യമായ ഭൂമിയും അനുബന്ധ സൗകര്യങ്ങളും നിലവിൽ വന്നിട്ടുണ്ട്. നഗർ വാസികൾക്ക് ആവശ്യമായ ശുദ്ധജലവും വൈദ്യുതിയും എത്തിച്ചിട്ടുണ്ട്. എസ്. സി വിഭാഗങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനും ശുചിത്വ ആരോഗ്യ രംഗത്തും ശ്രദ്ധേയമായ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. നൂതനമായ പ്രോജക്ടുകൾ ഇനിയും ഈ മേഖലയിൽ ഉണ്ടാവേണ്ടതുണ്ട്. ഇതിനു വേണ്ടിയുള്ള പുതിയ നടപടിക്രമങ്ങളും മാനദണ്ഡങ്ങളിലെ ഭേദഗതിയും ഗവൺമെന്റ് തലത്തിൽ തിരുത്തലുകൾ ആവശ്യമാണ്.

നമ്മുടെ ജില്ലയുടെ വിവിധ വികസന മേഖലകളിൽ സ്ഥായിയും, സുസ്ഥിരവുമായ വികസനം സാധ്യമാകുവാൻ സഹായകമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതി നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. കാർഷിക രംഗത്ത് ഗ്രൂപ്പ് ഫാമിംഗിലൂടെ ശാസ്ത്രീയ കൃഷി രീതികൾക്ക് പ്രചാരം നൽകൽ, യന്ത്രവത്കരണം, ജൈവകൃഷിയും സംയോജിത വള പ്രയോഗ കീട നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കൽ, നീർത്തടാധിഷ്ഠിത വികസന സമീപനം, മണ്ണ് ജല സംരക്ഷണത്തിനായി നീർക്കുഴികൾ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കാർഷിക ബോധവത്കരണം, കാർഷിക മേളകൾ തുടങ്ങി ആവിഷ്കരിച്ച പദ്ധതികളൊക്കെ ജില്ലാ പദ്ധതി സമീപനത്തോട് പൂർണ്ണമായും പൂരകവും സമഗ്ര വികസനം സാധ്യമാക്കുന്നതുമാണ്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ, ഇനിയും വൈദ്യുതീകരിക്കാത്ത ഉൾനാടൻ മേഖലകളിലേക്ക് വൈദ്യുതിയെത്തിക്കൽ, തെരുവു വിളക്കുകൾ സ്ഥാപിക്കൽ, ഊർജ്ജ സംരക്ഷണം പ്രചാരണവും ബോധവൽക്കരണവും തുടങ്ങിയ പദ്ധതികളും ഗതാഗത രംഗത്ത് നിലവിലുള്ള പ്രധാന റോഡുകളുടെ അറ്റുകുറ്റ പണികളും, അവികസിത വാസ കേന്ദ്രങ്ങളിലേക്ക് റോഡു നിർമ്മാണം റോഡുകളുടെ പരിപാലനം, ഗുണഭോക്തൃ സമിതികളെ ഏൽപിക്കൽ തുടങ്ങിയ ജില്ലാ പദ്ധതി കാഴ്ചപ്പാടിനനുസൃതമായ പദ്ധതികളാണ്.

പതിനാലാം പദ്ധതിക്കാലത്ത് പദ്ധതി വിഹിത നിക്ഷേപത്തോടൊപ്പം പരമാവധി സാമ്പത്തിക നിക്ഷേപവും കൂടി വികസന മേഖലകളിൽ സാധ്യമാവുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ബാങ്കുകളുടെയും, ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന സംരംഭ തത്പരരായവരെ കൂടി സഹകരിപ്പിച്ച് ഉത്പാദന വർദ്ധനവിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്നും ലക്ഷ്യമിടുന്നു. വനിതാ വികസന കോർപറേഷൻ, കുടുംബശ്രീ, സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപറേഷൻ, എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. വനിതാ ശിശു വികസന മേഖലയിൽ അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തിയും, തൊഴിൽ പരിശീലനവും, തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡിയും, വൃദ്ധരുടെയും വിധവകളുടെയും, ദരിദ്രരുടെയും ക്ഷേമത്തിനായി പ്രത്യേക പദ്ധതികളും, അംഗൻവാടികളിൽ അമ്മാമാർക്കു പ്രത്യേക പോഷണവും, തുടങ്ങി ഒട്ടേറെ വനിതാ ക്ഷേമ പദ്ധതികളാണ് ആവിഷ്കരിച്ചത്.

പട്ടിക ജാതി വിഭാഗങ്ങളുടെ, നഗറുകൾ കേന്ദ്രീകരിച്ച് സമഗ്ര വികസനവും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും, വിദ്യാഭ്യാസ

പുരോഗതിക്കും ആരോഗ്യ ബോധവൽക്കരണത്തിനും ഊന്നൽ നൽകിയതും, സമ്പൂർണ്ണ പുനരധിവാസ പദ്ധതിയിലൂടെ വീട് വെക്കാൻ സ്ഥലം വാങ്ങൽ പ്രൊജക്ടും മേൽ സമീപനാനുസൃതം തന്നെ.

പഞ്ചായത്തിന്റെ തൻ വർഷ പദ്ധതി നീർത്തട വികസന കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതാകുന്നു. നീർത്തട കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു. കരഭൂമി വികസനത്തിലൂടെ മണ്ണ്, ജല, ജൈവ ഘടകങ്ങളെ ഒന്നായി കണ്ടുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ വിഭവ ഭൂപടം നിർമ്മാണവും വളരെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ്. മൊത്തത്തിൽ പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി നമ്മുടെ ജില്ലയുടെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് രൂപപ്പെടുത്തിയ ജില്ലാ പദ്ധതി നിർദ്ദേശങ്ങളോട് പരിപൂർണ്ണമായും പൂരകവും, പ്രാദേശികമായ പ്രത്യേകതകൾക്കനുസൃതമായി ചില അധിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതു മൂലം വളരെ വൈവിധ്യവും, കാര്യക്ഷമവുമാണെന്ന് പറയാൻ സാധിക്കും.

പതിനാലാം പദ്ധതിയുടെ പ്രധാന ന്യൂനതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, ദീർഘകാല വികസന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുള്ള സമീപനമുണ്ടായില്ല എന്നതും പശ്ചാത്തല സൗകര്യങ്ങളും വ്യക്തിഗത ആസ്തികളും ആർജ്ജിക്കുന്നതിന് നൽകിയ പരിഗണന ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക വികസനത്തിനും ലഭിച്ചില്ല എന്നതുമാണ്. പതിമൂന്നാം പദ്ധതിയുടെ നേട്ടങ്ങളെ നിലനിർത്താനും, ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് അവ തിരുത്താനുമുള്ള നയ സമീപനമാണ് പതിനാലാം പദ്ധതിയിൽ നാം സ്വീകരിച്ചിരിക്കുന്നത്.

കൃഷി അനുബന്ധ മേഖലകളെ ശക്തിപ്പെടുത്തി ഉത്പാദന ക്ഷമതയും, ഉത്പാദന വർദ്ധനവും സാധ്യമാക്കുകയും, പ്രാദേശികമായി വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ച് അനുബന്ധ തൊഴിൽ മേഖലകളെ പുനരുജ്ജീവിപ്പിച്ചും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, തൊഴിലവസരങ്ങളുടെ സൃഷ്ടിപ്പിനും പ്രാമുഖ്യം നൽകുന്ന സമീപനമാണ് പതിനാലാം പദ്ധതിയിലൂടെ നാം ലക്ഷ്യമിടുന്നത്.

പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും, കൃഷി അനുബന്ധ മേഖലകളെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കാർഷിക മേഖലയിലെ പ്രതിസന്ധികളും, മുരടിപ്പും ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന ചെറിയൊരു ശതമാനമുണ്ടെങ്കിലും ഒരു സ്ഥായിയായ സാമ്പത്തിക സ്രോതസ്സായി അതിനെ കണക്കാക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. നിർമ്മാണ മേഖലയിലും, മറ്റു അസംഘടിത തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന മറ്റൊരു ചെറിയ ശതമാനം ആളുകളുടെ തൊഴിലവസരങ്ങളും പ്രധാനമായും കാർഷിക മേഖലയുടെ പുരോഗതിയെ ആശ്രയിച്ചാണിരിക്കുന്നത്. സമൂഹത്തിൽ ഏറ്റവും ദുർബലരായ എസ്.സി. വിഭാഗത്തിന്റെ പ്രധാന തൊഴിൽമേഖലയും കൃഷി അനുബന്ധ മേഖലയാണ്. പഞ്ചായത്തിലെ സമ്പദ്ഘടനയുടെ ചിത്രം ഇതായിരിക്കെ, കാർഷിക അനുബന്ധ മേഖലയുടെ സമഗ്രമായ വികസനത്തിലൂടെ മാത്രമെ വികസനം സാധ്യമാവൂ എന്ന തിരിച്ചറിവാണ് മേൽ സൂചിപ്പിച്ച വികസന സമീപനം സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിച്ചത്.

അതോടൊപ്പം മറ്റു സേവന മേഖലകളിൽ നാം നേടിയിട്ടുള്ള മെച്ചപ്പെട്ട നേട്ടങ്ങളുടെ ഫലങ്ങൾ നിലനിർത്താനും, പഞ്ചായത്തിലെ മനുഷ്യ വിഭവ ശേഷി

പരമാവധി പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള സംഘാടന തന്ത്രങ്ങളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

പഞ്ചായത്തിലെ സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, സാക്ഷരതാ തുടർ വിദ്യാ കേന്ദ്രങ്ങൾ, വികസന വിദ്യാകേന്ദ്രം, കുടുംബശ്രീ സി.ഡി.എസ് വനിതാ അയൽക്കൂട്ടങ്ങൾ, സി.എസ്.എസ്, എൻ.എസ്.എസ്. യൂണിറ്റുകൾ, കാർഷിക സർവ്വകലാശാലകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി ലഭ്യമാകാവുന്ന മുഴുവൻ ഏജൻസികളുടെയും സഹായം ഉപയോഗപ്പെടുത്താൻ പദ്ധതിയിൽ അവസരമൊരുക്കുന്നു. ഇതിലൂടെ മേന്മയേറിയ സാങ്കേതിക പരിജ്ഞാനവും, വൈദഗ്ദ്യവും പദ്ധതി പ്രവർത്തനത്തിൽ ലഭ്യമാകുമെന്നു കണക്കു കൂട്ടുന്നു.

പഞ്ചായത്തും അതിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വളരെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കൃഷിഭവൻ, മൃഗാശുപത്രി, പി,എച്ച്.സി., സ്കൂളുകൾ തുടങ്ങിയ മുഴുവൻ സ്ഥാപനങ്ങളും വിജ്ഞാന വ്യാപന സേവന കേന്ദ്രങ്ങളാകുന്നതാണ്. പതിനാലാം പദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിൽ വിവിധ ഏജൻസികളിൽ നിന്നും വർദ്ധിച്ച തോതിലുള്ള ഫണ്ട് ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കാൻ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

അദ്ധ്യായം 5

## വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നമ്പർ | വിഭാഗം | വകയിരുത്തൽ |
|---|---|---|
| 1 | **പൊതു വിഭാഗം** | |
| 1.1 | സാധാരണ വിഹിതം | 26,352,000 |
| 1.2 | ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) | 0 |
| 1.3 | ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 |
| | **ആകെ** | **26,352,000** |
| 2 | **പ്രത്യേക ഘടക പദ്ധതി** | |
| 2.1 | പട്ടികജാതി വിഭാഗം | 56,93,000 |
| 2.2 | പട്ടിക വർഗ്ഗ ഉപപദ്ധതി | 0 |
| | **ആകെ വികസന ഫണ്ട്** | **32,045,000** |
| 3 | **മെയിന്റനൻസ് പദ്ധതി** | |
| 3.1 | റോഡിതരം | 84,34,000 |
| 3.2 | റോഡ് വിഹിതം | 12,301,000 |
| | **ആകെ  മെയിന്റനൻസ് പദ്ധതി** | **20,735,000** |
| | **ആകെ പദ്ധതി വിഹിതം** | **52,780,000** |

നിർബന്ധമായി പദ്ധതി ഏറ്റെടുക്കേണ്ട മേഖലയും വകയിരുത്തേണ്ട കുറഞ്ഞ തുകയും

| | |
|---|---|
| ഉത്പാദന മേഖല  ജനറൽ - സാധാരണ വിഹിതം | 63,24,480 |
| ശുചിത്വം, മാലിന്യ സംസ്കരണം, ജല സംരക്ഷണം | 0 |
| വനിതാ ഘടക പദ്ധതി | 26,77,460 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പദ്ധതി | 13,38,730 |
| വയോജനങ്ങൾക്കായുള്ള പദ്ധതി (പാലിയേറ്റീവ് ഉൾപ്പെടെ) | 13,38,730 |
| പാർപ്പിട മേഖല | 64,09,000 |
| പാർപ്പിട മേഖല പൊതു വിഭാഗം സാധാരണ വിഹിതം | 52,70,400 |

| Project No | Project Name Mal | Impl Code | Impl Officer Name | Project Category | Sector Type | Sector | Fund Description | FundTotal |
|---|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന നിർമ്മാണം - ജനറൽ | VEO/LVEO | Muhammed Sahir M | ജനറൽ | സേവനം | പാർപ്പിടം,വീട് വൈദ്യുതീകരണം , ചേരിവികസനം | Development Fund(General) - 1000000 , State Sponsored Scheme Fund - 200000 , Loans from Financial Institutions - 3500000 , Receipts from other LSG's (District Panchayat) - 600000 | 5300000 |
| 2 | ലൈഫ് ഭവന നിർമ്മാണം - എസ്-സി | VEO/LVEO | Muhammed Sahir M | എസ്സ്.സ്സി. പി | സേവനം | പാർപ്പിടം,വീട് വൈദ്യുതീകരണം , ചേരിവികസനം | Development Fund(S.C.P) - 1000000 , State Sponsored Scheme Fund - 200000 , Loans from Financial Institutions - 2500000 , Receipts from other LSG's (District Panchayat) - 300000 | 4000000 |
| 3 | വീട് വാസയോഗ്യമാക്കൽ - ജനറൽ | VEO/LVEO | Muhammed Sahir M | ജനറൽ | സേവനം | പാർപ്പിടം,വീട് വൈദ്യുതീകരണം , ചേരിവികസനം | Development Fund(General) - 1920000 | 1920000 |
| 4 | വീട് വാസയോഗ്യമാക്കൽ - എസ് സി | VEO/LVEO | Muhammed Sahir M | എസ്സ്.സ്സി. പി | സേവനം | പാർപ്പിടം,വീട് വൈദ്യുതീകരണം , ചേരിവികസനം | Development Fund(S.C.P) - 1000000 | 1000000 |
| 5 | സ്വയം തൊഴിൽ സംരംഭങ്ങൾ - വനിത | VEO/LVEO | Muhammed Sahir M | ജനറൽ | ഉല്പാദനം | ചെറുകിട വ്യവസായം | Development Fund(General) - 1560000 | 1560000 |
| 6 | അതിദരിദ്ര അഗതി - ആശ്രയ കുടുംബങ്ങളുടെ യൂസർഫീ അടവാക്കൽ | VEO/LVEO | Muhammed Sahir M | ജനറൽ | സേവനം | പൊതു ശുചിത്വം | Own Fund - 97200 | 97200 |
| 7 | വി ഇ ഒ ഓഫീസ് കണ്ടിജൻസി ചെലവുകൾ | VEO/LVEO | Muhammed Sahir M | ജനറൽ | സേവനം | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് | Own Fund - 10000 | 10000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | അതിദരിദ്ര കുടുംബങ്ങളുടെ വീട് വാടക നൽകൽ | VEO/LVEO | Muhammed Sahir M | ജനറൽ | സേവനം | പാർപ്പിടം,വീട് വൈദ്യുതീകരണം , ചേരിവികസനം | Own Fund - 60000 | 60000 |
| 11 | ഒന്നാം ക്ലാസ് ഒന്നാം തരം - സർക്കാർ സ്കൂൾ ക്ലാസ് റൂം പുനരുദ്ധാരണം | AE(LSGD) | Deepak C | ജനറൽ | സേവനം | വിദ്യാഭ്യാസം | Maintenance Fund - Non-road Assets - 200000 | 200000 |
| 12 | എടക്കണ്ടി പൊറ്റ അങ്കണവാടിക്ക് ഷീറ്റ് ഇടൽ | AE(LSGD) | Deepak C | ജനറൽ | സേവനം | അംഗൻവാടികൾ | Maintenance Fund - Non-road Assets - 200000 | 200000 |
